3 (1044) ബഡ്ജറ്റിലെ ചെലവുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പാലോട് രവി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ ചെലവുകൾക്കായി ക്യാപിറ്റൽ അക്കൗണ്ടിലും റവന്യൂ അക്കൗണ്ടിലും എന്തു തുക വീതം ഉൾപ്പെടുത്തിയിരുന്നു; അതിൽ 2000 ജനുവരി 31 വരെ എന്തു തുക വീതം ചെലവായി എന്നറിയിക്കുമോ;

(ബി) റവന്യൂ അക്കൗണ്ടിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ തുക ചെലവായിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) റവന്യൂ അക്കൗണ്ടിലെ ചെലവ് നിയന്ത്രിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) അതിന്റെ ഫലമായി പ്രസ്തുത ചെലവ് എത്രകണ്ട് കുറയ്ക്കാൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1999 ജൂലൈ, ഡിസംബർ എന്നീ മാസങ്ങളിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുൾപ്പെടെ റവന്യൂ അക്കൗണ്ടിൽ 11877.20 കോടി രൂപയും ക്യാപിറ്റൽ അക്കൗണ്ടിൽ 778.67 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 1999-2000 ലെ കണക്ക് അക്കൗണ്ടന്റ് ജനറൽ തയ്യറാക്കി കഴിഞ്ഞിട്ടില്ല.

(ബി)-(സി) 1999-2000 ലെ കണക്ക് അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കി കഴിഞ്ഞിട്ടില്ല.

(ഡി) മുൻപുണ്ടായിരുന്ന വ്യയ നിയന്ത്രണ നടപടികൾക്കു പുറമേ, റവന്യൂ അക്കൗണ്ടിലെ ചെലവ് നിയന്ത്രിക്കുന്നതിനുവേണ്ടി, ചെലവുകൾ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള തുകകളിൽ മാത്രം പരിമിതപ്പെടുത്തുക, പുതിയ തസ്തികകൾ സൃഷ്ടിക്കാതിരിക്കുക, പുതിയ സബ്സിഡികൾ അനുവദിക്കാതിരിക്കുക, പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ അനുവദിക്കാതിരിക്കുക, പുതിയ വാഹനങ്ങൾ വാങ്ങാതിരിക്കുക, ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലുള്ള മുൻകൂർ അനുമതിയോടെയുള്ള ഡൽഹി വിമാനയാത്രയൊഴികെ മറ്റെല്ലാ വിമാനയാത്രയും ഒഴിവാക്കുക, വിദേശയാത്ര അനുവദിക്കാതിരിക്കുക, പെട്രോൾ ചെലവ്, യാത്രാബത്ത, ഓഫീസ് ചെലവ്, ടെലഫോൺ ചാർജ്ജ് എന്നിവ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയിൽ ഒതുക്കി നിർത്തുക തുടങ്ങിയ പുതിയ വ്യയനിയന്ത്രണ നടപടികൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) റവന്യൂ അക്കൗണ്ടിലെ ചെലവ് എത്രകണ്ട് കുറഞ്ഞു എന്ന് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് ലഭിച്ചതിനുശേഷമേ അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly